ഉത്തരം

(എ) ഉണ്ട്.

(ബി) ട്രാൻസ്പോർട്ട് പൂർണ്ണമായി ദേശവൽക്കരിച്ച മലയോര പ്രദേശങ്ങളിൽ ബസ് സ്റ്റേഷനുകളും സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളും സ്ഥാപിച്ചും കൂടുതൽ സർവ്വീസുകളും നടത്തിയും മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മലയോര പ്രദേശങ്ങളിൽ നിന്ന് പ്രധാന കേന്ദ്രങ്ങളിലേക്ക് സർവ്വീസുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. യുടെ പുനഃസംഘടന

775. [174] ശ്രീ. എ. കെ. പത്മനാഭൻ :
,, കെ. വി. അരവിന്ദാക്ഷൻ :
,, ടി. കെ. അബ്ദു :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, ഈ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ മേഖലാടിസ്ഥാനത്തിലുള്ള പുനഃസംഘടന സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ തീരുമാനം എന്നത്തേക്ക് ഉണ്ടാകും ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ചെറുകിട-ഇടത്തരം തുറമുഖങ്ങളുടെ വികസനം

776. [175] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട-ഇടത്തരം തുറമുഖങ്ങൾ എല്ലാകാലത്തും ഉപയോഗിക്കുവാൻ കഴിയുന്ന സൗകര്യങ്ങളോടുകൂടി തുറമുഖങ്ങളാക്കി ഉയർത്തുന്നതിന് നടപ്പു പദ്ധതിക്കാലത്ത് കേന്ദ്ര ഗവൺമെന്റിന് പദ്ധതികൾ ഉള്ള കാര്യം കേരള ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, സംസ്ഥാനത്തെ ഏതെല്ലാം ചെറുകിട, ഇടത്തരം തുറമുഖങ്ങളാണ് മുൻഗണനക്രമത്തിൽ കേന്ദ്ര സഹായത്തിൽ വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നത് ;

(സി) ബേപ്പൂർതുറമുഖം എല്ലാകാലത്തും ഉപയോഗിക്കുന്ന തുറമുഖമാക്കി മാറ്റുന്നതിന് സംസ്ഥാന ഗവൺമെന്റിന് എന്തെങ്കിലും പദ്ധതി ഉണ്ടോ ;

(ഡി) കേന്ദ്ര സഹായം ഈ തുറമുഖ വികസനത്തിന് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ ചെറുകിട-ഇടത്തരം തുറമുഖങ്ങൾ എല്ലാകാലത്തും ഉപയോഗിക്കാൻ വേണ്ട സൗകര്യങ്ങളോടുകൂടി ഉയർത്തുന്ന പദ്ധതി ഇതുവരെ കേരള സർക്കാരിനെ അറിയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly